പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3054 — 28.01.2014 ൽ മറുപടിയ്ക്ക്

## സ്വർണ്ണാഭരണങ്ങളിലെ മായം പരിശോധിക്കുന്നതിനു നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തു വില്പന നടത്തിവരുന്ന സ്വർണ്ണാഭരണങ്ങളിൽ വലിയതോതിൽ മായം ചേർത്ത് കൃത്രിമം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) ഇതു പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (ബി) ലീഗൽ മെട്രോളജി വകുപ്പിന്റെ കീഴിൽ എറണാകുളത്ത് കാക്കനാട് ഒരു ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലാബ് പ്രവർത്തിച്ചു വരുന്നു. സ്വർണ്ണാഭരണങ്ങളിൽ മായം ചേർക്കുന്നത് പരിശോധിക്കുന്നത് ലീഗൽ മെട്രോളജി നിയമങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്നില്ല. |
| (സി) 916 ഹാൾ മാർക്ക് മുദ്രണം ചെയ്ത് സ്വർണ്ണവ്യാപാരികൾ നടത്തുന്ന പ്രചാരണങ്ങൾ പരിശോധിച്ച് ഏതെങ്കിലും വ്യാപാരികളുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ; | (സി). & (ഡി). ഇല്ല. |
| (ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പരിശുദ്ധിയില്ലാത്ത സ്വർണ്ണാഭരണങ്ങൾ കേരളത്തിൽ വില്പന നടത്തുന്നതു പരിശോധിച്ച് നടപടിയെടുക്കുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; | |
| (ഇ) ഇതു സംബന്ധിച്ച പരാതി ആർക്കാണു നൽകേണ്ടത് ; | (ഇ) 916 ഹാൾ മാർക്കിംഗിന്റെ അംഗീകാരം നൽകുന്നത് കേന്ദ്ര ഗവൺമെന്റിന്റെ BIS (ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ്) എന്ന സ്ഥാപനം ആണ്. സംസ്ഥാന സർക്കാരിന്റെ കീഴിൽ ഇത് പരിശോധിക്കുന്നതിന് ഇപ്പോൾ സംവിധാനം നിലവിലില്ല. |
| (എഫ്) 916 പരിശുദ്ധി പരിശോധിക്കുവാൻ കേരളത്തിൽ എവിടെയെല്ലാമാണ് ലബോറട്ടറി സൗകര്യം ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ ? | ((എഫ്) സ്വർണ്ണത്തിന്റെ പരിശുദ്ധി പരിശോധിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിന്റെ കീഴിൽ എറണാകുളത്ത് കാക്കനാട് ഒരു ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലാബ് പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ